3. സർക്കാർ ജീവനക്കാരുടെ യാത്രാബത്തയിലെ പരിഷ്ക്കരണം/നിയന്ത്രണം പിൻവലിക്കുന്ന കാര്യം പരിഗണിക്കും.

4. ശമ്പള കമ്മീഷനിൽ നിന്നും ഇടക്കാല റിപ്പോർട്ട് വാങ്ങി ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണിക്കും.

5. ഓരോ വകുപ്പിനും ശമ്പളം നൽകാനാവശ്യമായ തുകയ്ക്ക് അഡ്വോട്ടെന്റ് വാങ്ങിയിരിക്കണമെന്ന നിർദ്ദേശം ധനകാര്യ വകുപ്പ് പരിശോധിക്കും.

6. കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയും ധനകാര്യ വകുപ്പ് പരിശോധിക്കും.

7. പുതുതായി സർവ്വീസിൽ കയറിയവർക്ക് അടിസ്ഥാനശമ്പളം മാത്രം നൽകിയിരുന്ന കാലയളവിലെ അലവൻസുകളും മറ്റും നൽകുന്നകാര്യം പരിശോധിക്കും.

(ഡി)

1. ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചുകഴിഞ്ഞു.

2. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സർവ്വീസ് സംഘടനകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. 2-3-2005-ലെ സ.ഉ.(സാധാ)നം. 100/2005/ധന നമ്പർ പ്രകാരം സർക്കാർ ജീവനക്കാരുടെ യാത്രാബത്തയിലെ നിയന്ത്രണം പിൻവലിച്ചിട്ടുണ്ട്.

4. ശമ്പള കമ്മീഷൻ ഇടക്കാല റിപ്പോർട്ട് നൽകിയിട്ടില്ല.

5. ഓരോ വകുപ്പിനും ശമ്പളം നൽകാനാവശ്യമായ തുകയ്ക്ക് അഡ്വോട്ടെന്റ് നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

6. കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ ഇതുവരെ തിരുമാനമൊന്നും എടുത്തിട്ടില്ല.

7. പുതുതായി സർവ്വീസിൽ കയറിയവർക്ക് അടിസ്ഥാനശമ്പളം മാത്രം നൽകിയിരുന്ന കാലയളവിലെ അലവൻസുകളും മറ്റും നൽകുന്ന കാര്യം സർക്കാർ നിരസിച്ചിട്ടുണ്ട്.

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

10 [188] *ശ്രീ. തോമസ് ചാഴികാടൻ:*
" *കെ. നാരായണക്കുറുപ്പ്:*
" *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് രീതിയിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തൊക്കെ ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) സഹകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് റീ-ഇംബേഴ്സ്മെന്റ് ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലളിതവും കാര്യക്ഷമവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ല.

(സി) പരിഗണനയിലുണ്ട്. ഒരേ രോഗത്തിന് സർക്കാർ ആശുപത്രിയിലേയും സഹകാര്യ ആശുപത്രിയിലേയും ചികിത്സാചെലവിന്റെ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദനീയമായ തുക ഏകീകരിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

സർക്കാർ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾക്കുവേണ്ടി ചെലവാക്കിയ തുക

11 [189] *ശ്രീ. കെ. ബാബു:*
" *എ. കെ. മണി:*
" *വി. ജെ. പൗലോസ്:*
" *ടി. യു. രാധാകൃഷ്ണൻ:*
" *എം.മുരളി:* താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05-ൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം എത്രയായിരുന്നു;

(ബി) അതിൽ നിന്ന് സർക്കാർ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾക്കു വേണ്ടി ഒട്ടാകെ എന്തു തുക ചെലവാക്കി; ഇതു സംസ്ഥാന റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണ്;

(സി) നിലവിലുള്ള ശമ്പള കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ചോദ്യാവലിയുടെ ഒന്നാം ഭാഗത്തിൽ രണ്ടാമത്തെ ചോദ്യത്തിൽ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, അലവൻസ് ഇനത്തിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 30.19 ശതമാനമാണ് ചെലവാകുന്നതെന്ന് പറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly